**No. CEE/3321/2012/NEET (UG) 2013/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2013 ലെ MBBS/BDS കോഴ്സുകളിൽ ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

2013 ലെ MBBS/BDS കോഴ്സുകളിൽ ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **13.09.2013** ന് **വൈകുന്നേരം 5 മണിക്ക് പ്രസിദ്ധീകരിക്കുന്നതാണ്.** ഈ അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **14.09.2013** മുതൽ **20.09.2013** വരെയുള്ള ബാങ്ക് പ്രവൃത്തി ദിനങ്ങളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന് കീഴിൽ വരുന്ന കോളേജുകളിലും, കാരക്കോണം ഡോ.സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജിലും രണ്ടാം ഘട്ടത്തോടെ അലോട്ട്മെന്റ് അവസാനിച്ചതിനാൽ ഈ കോളേജുകളിൽ രണ്ടാം ഘട്ടം വരെ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളുടേയും എല്ലാ ഓപ്ഷനുകളും റദ്ദാക്കിയ ശേഷമാണ് ഈ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. കൂടാതെ മേൽപ്പറഞ്ഞ കോളേജുകളിലേക്ക് വിദ്യാർത്ഥികൾ നൽകിയിട്ടുള്ള ഹയർ ഓപ്ഷനുകൾ ഒന്നും തന്നെ ഈ അലോട്ട്മെന്റിൽ പരിഗണിച്ചിട്ടില്ല.

ഇത് പ്രകാരം അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ട്, ഡാറ്റാ ഷീറ്റ് എന്നിവയും, KEAM 2013 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **19.09.2013, 20.09.2013** എന്നീ തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. ഫീസിനത്തിൽ കോളേജിൽ അടയ്ക്കേണ്ട ബാക്കിതുക/പലിശ രഹിത ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി ഉണ്ടെങ്കിൽ അതും അഡ്മിഷൻ സമയത്ത് കോളേജിൽ നൽകേണ്ടതാണ്.

**20.09.2013** വൈകുന്നേരം **5.30 ന്** ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം അതിന്റെ പ്രിൻറൗട്ട് ഈ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതാണ്.

## അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| **13.09.2013** | **അലോട്ട്മെന്റ് (സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്കും,സർക്കാർ നിയന്ത്രിത സഹകരണ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്കുമുള്ള അവസാന ഘട്ട അലോട്ടുമെന്റ്)** |
| 14.09.2013 മുതൽ 20.09.2013 വരെ | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കേണ്ടതാണ്. |
| 19.09.2013, 20.09.2013 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കോളേജിലെ പ്രിൻസിപ്പലിനു മുമ്പാകെ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അതോടൊപ്പം ഫീസിനത്തിൽ/പലിശ രഹിത ഡെപ്പോസിറ്റിനത്തിൽ കോളേജിൽ ഒടുക്കേണ്ട ബാക്കി തുക/ബാങ്ക് ഗ്യാരണ്ടി ഉണ്ടെങ്കിൽ അതും കോളേജിൽ നൽകേണ്ടതാണ്. |
| 20.09.2013 (വൈകുന്നേരം 5.30) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |

**നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അവരെ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കുന്നതല്ല.**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന ഈ അലോട്ടുമെന്റ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്കും, സർക്കാർ നിയന്ത്രിത സഹകരണ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്കുമുള്ള അവസാനഘട്ട അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ പ്രസ്തുത കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അതത് കോളേജുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് 12.2.4 (സി) പ്രകാരമുള്ള പിഴ സർക്കാരിന് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
12.09.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**